ഉത്തരം

ഗ്രന്ഥശാലാ നിയമം താമസിയാതെ പാസാകുന്നതോടുകൂടി തെരഞ്ഞെടുക്കപ്പെട്ട സമിതികളും നിലവിൽ വരുന്നതാണ്.

മലബാറിലെ ലോക്കൽ ലൈബ്രറി അതോറിറ്റികൾ

1453. [2056] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മലബാറിൽ ഏതെല്ലാം ജില്ലകളിൽ ഇപ്പോൾ ലോക്കൽ ലൈബ്രറി അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നിയമാനുസൃതം ലോക്കൽ ലൈബ്രറി അതോറിറ്റികൾ പ്രവർത്തിക്കാത്ത ജില്ലകളുണ്ടോ ;

(സി) ലോക്കൽ ലൈബ്രറി ജീവനക്കാർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മലബാറിൽ ഇപ്പോൾ പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ലോക്കൽ ലൈബ്രറി അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതിയതായി രൂപംകൊണ്ട മലപ്പുറം, വയനാട്, കാസർകോഡ് എന്നീ ജില്ലകൾക്ക് പ്രത്യേകമായി ലോക്കൽ ലൈബ്രറി അതോറിറ്റികൾ നിലവിൽ വന്നിട്ടില്ല.

(സി) സമഗ്രമായ ലൈബ്രറി നിയമം നടപ്പിൽ വരുന്ന അവസരത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം

1454. [2057] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ യൂത്ത് ക്ലബ്ബുകൾ പ്രവർത്തനം ആരംഭിച്ചു ?

ഉത്തരം

154 സ്ഥലങ്ങളിൽ യൂത്ത് ക്ലബ്ബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

അവശകലാകാരൻമാർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ നടപടി

1455 [2058] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അവശകലാകാരൻമാർക്ക് ഇന്ന് നൽകുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യ വീതം ; എന്നുമുതൽ ;

(സി) സംസ്ഥാനത്ത് എത്രപേർക്ക് ഇപ്പോൾ ഈ പെൻഷൻ കിട്ടുന്നുണ്ട് ?

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആൻറ് ബി) ഇല്ല. എന്നാൽ നൂറു രൂപയിൽ താഴെ മാത്രം പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന 10 കലാകാരൻമാർക്കുള്ള ധനസഹായം, മാർച്ച് 1985 മുതൽ നൂറു രൂപയായി വർദ്ധിപ്പിക്കാനുള്ള ഒരു നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(സി) 1694 പേർക്ക്.

കിസ്തിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക

1456. [2059] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മേയ് 31-ന് കിസ്ത് ഇനത്തിൽ കിട്ടാനുള്ള കുടിശ്ശിക തുകയെത്ര ;

(ബി) 1982-83 സാമ്പത്തിക വർഷത്തിനു മുൻപ് പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ;

(സി) പ്രസ്തുത കുടിശ്ശിക ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചു;

(ഡി) അഞ്ചു ലക്ഷത്തിലധികം കുടിശ്ശിക വരുത്തിയിട്ടുള്ളത് ആരെല്ലാം ആണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5,88,81,237.90 രൂപ.

(ബി) 10.15 കോടി രൂപ.

(സി) പ്രസ്തുത കുടിശ്ശികയും ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) അഞ്ചു ലക്ഷത്തിലധികം രൂപ കുടിശ്ശിക അടയ്ക്കാനുള്ള കോൺട്രാക്ടർമാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ബിവറേജ് കോർപ്പറേഷനിലെ ജോലിക്കാർ

1457. [2061] ശ്രീ. കെ. ടി. കുമാരൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജ് കോർപ്പറേഷനിൽ ഇപ്പോൾ എത്ര ജോലിക്കാർ ഉണ്ട് ;

(ബി) ഇവിടെ എത്ര വികലാംഗർക്ക് ജോലി കൊടുത്തു ?

ഉത്തരം

(എ) 212

(ബി) ഒരാൾക്ക്

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly